# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം. 26554/AD A3/4/2019/ADMIN തീയതി.

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച താഴെപ്പറയുന്ന ഉത്തരവുകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10.17 ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1) സ.ഉ.(കൈയെഴുത്ത്) നം.2/2017/ഉ.ഭ.പ.വ. തീയതി 16.01.2017

സമാശ്വാസ തൊഴിൽദാന പദ്ധതിയിലൂടെ നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ നിശ്ചിത സമയപരിധിക്കുള്ളിൽ ജോലിയിൽ പ്രവേശിക്കാതിരുന്നാൽ നിയമനം റദ്ദാക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ.

2) സ.ഉ.(പി) നം. 01/2018/ഉ.ഭ.പ.വ. തീയതി 07.01.2018

കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളിലോ, വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളിലോ, പൊതുമേഖലാ സ്ഥാപനങ്ങൾ / ബാങ്കുകൾ എന്നിവിടങ്ങളിലോ ഉദ്യോഗത്തിൽ പ്രവേശിച്ച് കഴിഞ്ഞവർ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷിക്കുന്നതിനു അർഹതയുള്ള ' ആശ്രിതർ ' എന്ന നിർവചനത്തിൽ ഉൾപ്പെടുന്നില്ല എന്നും അവർക്ക് ടി പദ്ധതി പ്രകാരമുള്ള നിയമനങ്ങൾക്ക് അർഹതയില്ലായെന്നുമുള്ള ഉത്തരവ്.

3) സ.ഉ.(കൈ) നം .5/2018/ഉ.ഭ.പ.വ. തീയതി 21.02.2018

ഇതുപ്രകാരം മരണമടഞ്ഞ ജീവനക്കാരന്റെ അച്ഛൻ / അമ്മ ഒഴികെയുള്ളവർ ആശ്രിത നിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ ജീവനക്കാരന്റെ പിതാവ്/ മാതാവ്/ വിധവ/ വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവൻ സംരക്ഷിക്കുന്നതാണെന്നും, അവിവാഹിതയായ സഹോദരി / അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നുമുള്ള സംരക്ഷണമൊഴി കൂടെ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

4) സ.ഉ.(പി) നം . 07/2018/ഉ.ഭ.പ.വ. തീയതി 28.04.2018

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി നിലവിലുള്ള 6 ലക്ഷം രൂപയിൽ നിന്ന് 8 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

5) സ.ഉ.(കൈയെഴുത്ത്) നം . 8/2019/ഉ.ഭ.പ.വ. തീയതി 05.07.2019

ഇതുപ്രകാരം നിലവിൽ സംരക്ഷണ സമ്മതമൊഴി സമർപ്പിച്ചിട്ടില്ലാത്തവർ സർവീസിൽ പ്രവേശിക്കുന്ന സമയത്ത് ഓഫീസ് മേധാവി മുൻപാകെ സംരക്ഷണ സമ്മതമൊഴി സമർപ്പിക്കേണ്ടതും ആയതിന്റെ പകർപ്പ് നിയമനാധികാരി മുഖേന സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

PREMKUMAR R

ASSISTANT REGISTRAR I (ADMIN)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./ പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

Draft #1 of File 26554/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 04-Sep-2019 11:45 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

3. രജിസ്ട്രാർ/ എഫ് ഒ/ സി ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി., മഹാത്മാഗാന്ധി സർവകലാശാല
5. സെക്യൂരിറ്റി ഓഫീസർ/ എസ്റ്റേറ്റ് ഓഫീസർ
6. സി.എം.എസ്(വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
7. പി.ആർ.ഒ/സിറ്റാഡ്/ഐ.ക്യു.എ.സി.
8. എ.സി.സി./ഫിനാൻസ് 1/4/ഓഡിറ്റ് 1/5/എഡി എ1 /എഡി ബി 3
9. സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി

Draft #1 of File 26554/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 04-Sep-2019 11:45 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**കേരള സർക്കാർ**

നം.ഉപ.സി1/367/2018/ഉഭപവ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര
(ഉപദേശ-സി)വകുപ്പ്
തിരുവനന്തപുരം, തീയതി : 10.07.2019

പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
രജിസ്ട്രാർ, ഹൈക്കോടതി, കേരളം, എറണാകുളം.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
രജിസ്ട്രാർ , കേരള/മഹാത്മാഗാന്ധി/കൊച്ചി/കോഴിക്കോട്/കണ്ണൂർ സർവ്വകലാശാല
രജിസ്ട്രാർ, കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ/കേരളാ വെറ്റിനറി യൂണിവേഴ്സിറ്റി/
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കാലടി

സർ,

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സംരക്ഷണ മൊഴി ബാധകമാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ സ്പഷ്ടീകരണം നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് സംബന്ധിച്ച്.

സൂചന:- 05.07.2019 ലെ സ.ഉ (കൈ) നം. 8/2019/ഉ.ഭ.പ.വ നമ്പർ ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സംരക്ഷണ മൊഴി ബാധകമാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ സ്പഷ്ടീകരണം നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർനടപടിയ്ക്കുമായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

സിജു ജേക്കബ്
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

കേരള സർക്കാർ

**സംഗ്രഹം**

ജീവനക്കാര്യം – സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സംരക്ഷണ മൊഴി ബാധകമാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ സ്പഷ്ടീകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

====================================================================

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ–സി) വകുപ്പ്**

സ.ഉ (കൈയെഴുത്ത്) നം. 8/2019/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി : 05.07.2019.

====================================================================

പരാമർശം:-1. 24.05.1999 ലെ സ.ഉ(പി) നം. 12/99/പി&എആർഡി
2. 21.02.2018 ലെ സ.ഉ(കൈ).നം.5/2018/ഉഭപവ

**ഉത്തരവ്**

സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി ചെയ്തു വരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം(1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു.

2. മരണമടഞ്ഞ ജീവനക്കാരന്റെ അച്ഛൻ/അമ്മ ഒഴികെയുള്ളവർ ആശ്രിത നിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ ജീവനക്കാരന്റെ മാതാവ്/പിതാവ്/വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും, അവിവാഹിതയായ സഹോദരി /അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നുമുള്ള സമ്മതമൊഴി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് പരാമർശം (2) ഉത്തരവ് പ്രകാരവും വ്യവസ്ഥ ചെയ്തിരുന്നു.

3. എന്നാൽ സംരക്ഷണമൊഴി ബാധകമാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന് മുൻകാല പ്രാബല്യം നൽകിയിരുന്നില്ല. ആകയാൽ ടി ഉത്തരവ് നിലവിൽ വരുന്നതിന് മുൻപ് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള

കേസുകളിൽ സംരക്ഷണമൊഴി സമർപ്പിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് വിവിധ ഭരണ വകുപ്പുകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംരക്ഷണ സമ്മതമൊഴി സമർപ്പിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിലവിൽ ആശ്രിത നിയമനത്തിന് അനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവ് ലഭിച്ചവരിൽ നാളിതുവരെ പരാമർശം (2) ഉത്തരവ് പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി സമർപ്പിച്ചിട്ടില്ലാത്തവർ, സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് ഓഫീസ് മേധാവി മുൻപാകെ സംരക്ഷണ സമ്മതമൊഴി സമർപ്പിക്കേണ്ടതും ആയതിന്റെ പകർപ്പ് നിയമനാധികാരി മുഖേന സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.
2. പരാമർശം (2) ഉത്തരവ് നിലവിൽ വരുന്നതിന് മുമ്പ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ സീനിയോറിറ്റി നേരത്തെ സമർപ്പിച്ചിട്ടുള്ള സാധുവായ അപേക്ഷയുടെ തീയതി കണക്കാക്കി തന്നെ നിശ്ചയിക്കേണ്ടതും ടി അപേക്ഷകരിൽ നിന്നും നിയമനാധികാരി അടിയന്തരമായി സംരക്ഷണ സമ്മതമൊഴി ലഭ്യമാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സെക്രട്ടറി**

പകർപ്പ്:- നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ
വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ഹൈക്കോടതി, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരളാ/മഹാത്മാഗാന്ധി /കൊച്ചി/കോഴിക്കോട്/
കണ്ണൂർ യൂണിവേഴ്സിറ്റി.(ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തൃശ്ശൂർ
/കേരളാ വെറ്റിനറി യൂണിവേഴ്സിറ്റി /ശ്രീ ശങ്കരാചാര്യ സംസ്കൃത
സർവ്വകലാശാല കാലടി, (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യാഗിക വെബ്സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്)
നോഡൽ ഓഫീസർ, P&ARD (P&ARD യുടെ www.pard.kerala.gov.in എന്ന
വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ജീവനക്കാര്യം- സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം-'ആശ്രിതർ' എന്ന നിർവ്വചനത്തിനു സ്പഷ്ടീകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

സ.ഉ (പി) നം. 01/2018/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി : 07.01.2018.

===========================================================

പരാമർശം:- 1. 24-5-1999 ലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ.
2. 18-11-1999 ലെ സ.ഉ(പി) നം.24/99/ഉ.ഭ.പ.വ.
3. 15-7-2002 ലെ സ.ഉ(പി) നം.37/02/ഉ.ഭ.പ.വ.
4. 12-4-2010 ലെ സ.ഉ(പി) നം.14/10/ഉ.ഭ.പ.വ.
5. 12-11-2015 ലെ സ.ഉ(പി) നം.29/15/ഉ.ഭ.പ.വ.

**ഉത്തരവ്**

സർക്കാർ സർവ്വീസിലെ 'സമാശ്വാസ തൊഴിൽദാന' പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള വ്യവസ്ഥകൾ സൂചന(1) ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന(1) പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിന് ഏതൊക്കെ ആശ്രിതർക്കാണ് അർഹതയുള്ളത് എന്നതു സംബന്ധിച്ച് സൂചന(2),(3),(4),(5) എന്നീ ഉത്തരവുകൾ പ്രകാരം വ്യക്തത വരുത്തിയിട്ടുണ്ട്.

2. സർവ്വീസിലിരിക്കെ ഉദ്യോഗസ്ഥർ മരണപ്പെടുമ്പോൾ നിരാധാരമാകുന്ന കുടുംബത്തിന് ആശ്വാസം എന്നുള്ള നിലയിലാണ് മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകി വരുന്നത്. എന്നാൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായി കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ, വകുപ്പുകൾക്കു കീഴിലുള്ള സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ/ ബാങ്കുകൾ എന്നിവിടങ്ങളിൽ ഉദ്യോഗത്തിൽ പ്രവേശിച്ചു കഴിഞ്ഞവർ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി സമർപ്പിച്ച നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഈ വിഷയം വിശദമായി പരിശോധിച്ചപ്പോൾ 'ആശ്രിതർ' എന്ന നിർവ്വചനത്തിനു കൂടുതൽ സ്പഷ്ടീകരണം ആവശ്യമാണെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

3. മേൽ സാഹചര്യത്തിൽ കേന്ദ്ര / സംസ്ഥാന സർക്കാർ വകുപ്പുകളിലോ , വകുപ്പുകൾക്കു കീഴിലുള്ള സ്ഥാപനങ്ങളിലോ, പൊതുമേഖല സ്ഥാപനങ്ങൾ / ബാങ്കുകൾ എന്നിവിടങ്ങളിലോ ഉദ്യോഗത്തിൽ പ്രവേശിച്ചു കഴിഞ്ഞവർ സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം അപേക്ഷിക്കുന്നതിന് അർഹതയുള്ള 'ആശ്രിതർ' എന്ന നിർവചനത്തിൽ ഉൾപ്പെടുന്നില്ല എന്നും, അവർക്ക് ടി പദ്ധതി പ്രകാരമുള്ള നിയമനങ്ങൾക്ക് അർഹതയില്ല എന്നും സ്പഷ്ടീകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. നിലവിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞ മേൽപ്പറഞ്ഞ വിഭാഗക്കാർക്ക് ഈ ഉത്തരവ് ബാധകമായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്:-എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും/ഓഫീസുകൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ഹൈക്കോടതി, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരളായൂണിവേഴ്സിറ്റി/കൊച്ചി/കോഴിക്കോട്/കണ്ണൂർ. (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തൃശ്ശൂർ /കേരളാ വെറ്റിനറി യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം.(ആമുഖ കത്ത് സഹിതം).

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം

ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം).

മുഖ്യ മന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്(ആമുഖ കത്ത് സഹിതം)

ഗവർണ്ണറുടെ സെക്രട്ടറിക്ക്(ആമുഖ കത്ത് സഹിതം)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.(ആമുഖ കത്ത് സഹിതം)

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ജീവനക്കാര്യം-സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം -കുടുംബ വാർഷിക വരുമാന പരിധി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

സ.ഉ (പി) നം. 7/2018/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി : 28.04.2018.

===

പരാമർശം:-1 . 24.05.1999 ലെ സ.ഉ(പി) നം. 12/99/പി&എആർഡി

2. 25.07.2015 ലെ സ.ഉ(പി) നം. 23/15/പി&എആർഡി

3. 09.04.2018 ലെ സ.ഉ(കൈ) നം.03/18/പി.വി.വി.വ

**ഉത്തരവ്**

സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി ചെയ്തു വരവെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം(1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ നിയമനത്തിനായി അപേക്ഷിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പരാമർശം (2)പ്രകാരം നിലവിലുള്ള വരുമാന പരിധി 6 ലക്ഷം രൂപയായി നിശ്ചിച്ചിട്ടുണ്ട്.

പരാമർശം (3) പ്രകാരം മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ ക്രീമിലെയർ വരുമാന പരിധി 8 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആശ്രിത നിയമനത്തിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി നിലവിലുള്ള ആറുലക്ഷം രൂപയിൽ നിന്ന് എട്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

കെ. ഗോപാലകൃഷ്ണ ഭട്ട്

സ്പെഷ്യൽ സെക്രട്ടറി

നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ

വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

(ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ
(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ഹൈക്കോടതി, കേരളം, എറണാകുളം.
(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരളായൂണിവേഴ്സിറ്റി/കൊച്ചി/കോഴിക്കോട്/കണ്ണൂർ.
(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം
(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തൃശ്ശൂർ
/കേരളാ വെറ്റിനറി യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,
എറണാകുളം.(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം
ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,
തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം).
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(വിപുലമായ പ്രചരണത്തിന്).
മുഖ്യ മന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗവർണ്ണറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

Remya A R

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

നം.ഉപ.സി2/367/2018/ഉഭപവ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര
(ഉപദേശ-സി)വകുപ്പ്
തിരുവനന്തപുരം, തീയതി : 10.07.2019

പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
രജിസ്ട്രാർ, ഹൈക്കോടതി, കേരളം, എറണാകുളം.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
രജിസ്ട്രാർ , കേരള/മഹാത്മാഗാന്ധി/കൊച്ചി/കോഴിക്കോട്/കണ്ണൂർ സർവ്വകലാശാല
രജിസ്ട്രാർ, കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ/കേരളാ വെറ്റിനറി യൂണിവേഴ്സിറ്റി/
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കാലടി

സർ,

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സംരക്ഷണ മൊഴി ബാധകമാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ സ്പഷ്ടീകരണം നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് സംബന്ധിച്ച്.

സൂചന:- 05.07.2019 ലെ സ.ഉ (കൈ) നം. 8/2019/ഉ.ഭ.പ.വ നമ്പർ ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സംരക്ഷണ മൊഴി ബാധകമാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ സ്പഷ്ടീകരണം നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർനടപടിയ്ക്കുമായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

സിജു ജേക്കബ്
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

കേരള സർക്കാർ

**സംഗ്രഹം**

ജീവനക്കാര്യം – സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സംരക്ഷണ മൊഴി ബാധകമാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ സ്പഷ്ടീകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ–സി) വകുപ്പ്**

സ.ഉ (കൈയെഴുത്ത്) നം. 8/2019/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി : 05.07.2019.

==============================================================

പരാമർശം:-1. 24.05.1999 ലെ സ.ഉ(പി) നം. 12/99/പി&എആർഡി

2. 21.02.2018 ലെ സ.ഉ(കൈ).നം.5/2018/ഉഭപവ

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി ചെയ്തു വരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം(1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു.

2. മരണമടഞ്ഞ ജീവനക്കാരന്റെ അച്ഛൻ/അമ്മ ഒഴികെയുള്ളവർ ആശ്രിത നിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ ജീവനക്കാരന്റെ മാതാവ്/പിതാവ്/വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും, അവിവാഹിതയായ സഹോദരി /അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നുമുള്ള സമ്മതമൊഴി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് പരാമർശം (2) ഉത്തരവ് പ്രകാരവും വ്യവസ്ഥ ചെയ്തിരുന്നു.

3. എന്നാൽ സംരക്ഷണമൊഴി ബാധകമാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന് മുൻകാല പ്രാബല്യം നൽകിയിരുന്നില്ല. ആകയാൽ ടി ഉത്തരവ് നിലവിൽ വരുന്നതിന് മുൻപ് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള

കേസുകളിൽ സംരക്ഷണമൊഴി സമർപ്പിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് വിവിധ ഭരണ വകുപ്പുകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംരക്ഷണ സമ്മതമൊഴി സമർപ്പിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിലവിൽ ആശ്രിത നിയമനത്തിന് അനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവ് ലഭിച്ചവരിൽ നാളിതുവരെ പരാമർശം (2) ഉത്തരവ് പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി സമർപ്പിച്ചിട്ടില്ലാത്തവർ, സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് ഓഫീസ് മേധാവി മുൻപാകെ സംരക്ഷണ സമ്മതമൊഴി സമർപ്പിക്കേണ്ടതും ആയതിന്റെ പകർപ്പ് നിയമനാധികാരി മുഖേന സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.
2. പരാമർശം (2) ഉത്തരവ് നിലവിൽ വരുന്നതിന് മുമ്പ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ സീനിയോറിറ്റി നേരത്തെ സമർപ്പിച്ചിട്ടുള്ള സാധുവായ അപേക്ഷയുടെ തീയതി കണക്കാക്കി തന്നെ നിശ്ചയിക്കേണ്ടതും ടി അപേക്ഷകരിൽ നിന്നും നിയമനാധികാരി അടിയന്തരമായി സംരക്ഷണ സമ്മതമൊഴി ലഭ്യമാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സെക്രട്ടറി**

പകർപ്പ്:- നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ഹൈക്കോടതി, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരളാ/മഹാത്മാഗാന്ധി /കൊച്ചി/കോഴിക്കോട്/ കണ്ണൂർ യൂണിവേഴ്സിറ്റി.(ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തൃശ്ശൂർ /കേരളാ വെറ്റിനറി യൂണിവേഴ്സിറ്റി /ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കാലടി, (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)

വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

നോഡൽ ഓഫീസർ, P&ARD (P&ARD യുടെ www.pard.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ജീവനക്കാര്യം-സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സംരക്ഷണ സമ്മതമൊഴി കൂടി ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

സ.ഉ (കൈയെഴുത്ത്) നം.5/2018/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി :21.02.2018.

================================================================

പരാമർശം:-1. 24.05.1999 ലെ സ.ഉ(പി) നം. 12/99/പി&എആർഡി

2.ആലപ്പുഴ ജില്ലാകളക്ടറുടെ 3.11.2017 ലെ എ 7-1300/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി ചെയ്യു വരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പരാമർശം(1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ കാലാനുസൃതമായി ചില ഭേദഗതികളും വരുത്തിയിട്ടുണ്ട്.

2. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മക്കൾക്കു നിയമനം ലഭിക്കുന്നതിനെത്തുടർന്ന് മാതാവ്/പിതാവ് അനാഥത്വത്തിലാകുന്നതും, അശരണരാകുന്നതും, മക്കളിൽ നിന്ന് സംരക്ഷണം ലഭിക്കാതെ ജീവിതാവശ്യങ്ങൾക്ക് നന്നേ ബുദ്ധിമുട്ട് അനുഭവിക്കുന്നതായും കണ്ടുവരുന്നുവെന്നും, ആനുകാലികജീവിതത്തിൽ വരുന്ന മാറ്റങ്ങളിൽ മക്കൾ അച്ഛനമ്മമാരുടെ സംരക്ഷണങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തുന്നതായും അവരെ ഒറ്റപ്പെടുന്ന അവസ്ഥയിലേയ്ക്ക് വിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും, ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് മാതാവിന്റെ/പിതാവിന്റെ മരണത്തെത്തുടർന്ന് ആശ്രിത നിയമനം മക്കൾക്കു ലഭിക്കുന്ന സാഹചര്യത്തിൽ അപേക്ഷകരിൽ നിന്നും മാതൃ/പിതൃ സംരക്ഷണ സമ്മതമൊഴി കൂടി ആശ്രിത നിയമനത്തിനുള്ള അപേക്ഷയോടൊപ്പം ഉൾപ്പെടുത്താവുന്നതാണോ എന്നതു സംബന്ധിച്ച വിഷയത്തിൽ സൂചന 2 പ്രകാരം ജില്ലാ കളക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്ന ആശ്രിതർ മരണമടഞ്ഞ ജീവനക്കാരന്റെ മറ്റ് ആശ്രിതരെ സംരക്ഷിക്കുന്നതിൽ വീഴ്ചവരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ മരണമടഞ്ഞ ജീവനക്കാരന്റെ അച്ഛൻ/അമ്മ ഒഴികെയുള്ളവർ ആശ്രിത നിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ ജീവനക്കാരന്റെ മാതാവ്/പിതാവ്/വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും, അവിവാഹിതയായ സഹോദരി /അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നും വ്യക്തമാക്കുന്ന സംരക്ഷണ സമ്മതമൊഴി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കുന്നത് സാമൂഹ്യസുരക്ഷയെ ശക്തിപ്പെടുത്തുമെന്നും,, സമാശ്വാസതൊഴിൽദാന പദ്ധതിയുടെ ലക്ഷ്യങ്ങൾക്ക് അനുഗുണമായിരിക്കുമെന്നും സർക്കാർ കാണുന്നു.

4. ഈ സാഹചര്യത്തിൽ മരണമടഞ്ഞ ജീവനക്കാരന്റെ അച്ഛൻ/അമ്മ ഒഴികെയുള്ളവർ ആശ്രിത നിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ ജീവനക്കാരന്റെ മാതാവ്/പിതാവ്/വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും, അവിവാഹിതയായ സഹോദരി /അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നുമുള്ള സമ്മതമൊഴി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്:- നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ
വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ
(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ഹൈക്കോടതി, കേരളം, എറണാകുളം.
(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരളായൂണിവേഴ്സിറ്റി/കൊച്ചി/കോഴിക്കോട്/കണ്ണൂർ.
(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം
(ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തൃശ്ശൂർ
/കേരളാ വെറ്റിനറി യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,
എറണാകുളം.(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം
ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,
തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം).
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(വിപുലമായ പ്രചരണത്തിന്).
മുഖ്യ മന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗവർണ്ണറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

## സംഗ്രഹം

ജീവനക്കാര്യം-സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം-ഉദ്യോഗാർത്ഥികൾ നിശ്ചിത സമയപരിധിക്കുള്ളിൽ ജോലിയിൽ പ്രവേശിക്കാതിരുന്നാൽ നിയമനം റദ്ദാക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്) നം. 2/2017/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി : 16.01.2017

================================================================================

പരാമർശം:- 1. 24.05.1999ലെ സ.ഉ(പി) നം.12/99/ഉഭപവ.
2. 21.12.2015 ലെ 600/Adv.C2/14/P&ARD നമ്പർ സർക്കുലർ.

## ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള വ്യവസ്ഥകൾ സൂചന (1)ലെ ഉത്തരവു പ്രകാരവും ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജോലിയിൽ പ്രവേശിക്കുന്നവർക്ക് പ്രവേശന സമയം ദീർഘിപ്പിച്ച നൽകുന്നതിന് സൂചന (2)ലെ സർക്കുലർ പ്രകാരവും സർക്കാർ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഉദ്യോഗാർത്ഥികൾ നിശ്ചിത സമയപരിധിക്കുള്ളിൽ ജോലിയിൽ പ്രവേശിക്കാതിരുന്നാൽ നിയമനം റദ്ദാക്കുന്നത് സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിരുന്നില്ല. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നവരുടെ നിയമനം റദ്ദാക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) നിർദ്ദിഷ്ട സമയപരിധിയ്ക്കകം ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്യുകയോ, ചട്ടപ്രകാരം പ്രവേശന സമയം (joining time) ദീർഘിപ്പിക്കുന്നതിന് മതിയായ കാരണങ്ങളോടെ അപേക്ഷിക്കുകയോ ചെയ്യാതിരിക്കുന്ന ഉദ്യോഗാർത്ഥിക്ക് വകുപ്പ് തലവൻമാർ രജിസ്റ്റേർഡ്/AD യായി കത്തയക്കേണ്ടതാണ്. പ്രസ്തുത കത്തിൽ കത്ത് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ജോലിയിൽ പ്രവേശിക്കണമെന്ന് നിർദ്ദേശിക്കുകയും വീഴ്ച വരുത്തിയാൽ നിയമനം റദ്ദ് ചെയ്യുന്നതിന്

നടപടി സ്വീകരിക്കുമെന്ന് ഉദ്യോഗാർത്ഥിയെ അറിയിക്കേണ്ടതുമാണ്. കത്ത് ഉദ്യോഗാർത്ഥി കൈപ്പറ്റാത്ത സാഹചര്യം വന്നാൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് വഴി നോട്ടീസ് രണ്ട് പ്രമുഖ മലയാള ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കണം.

(2) നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കാതിരിക്കുകയോ അല്ലെങ്കിൽ കത്ത് കൈപ്പറ്റിയതിനു ശേഷം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കാതിരിക്കുകയോ ചെയ്താൽ ടിയാന്റെ നിയമനത്തിനായി സർക്കാർ നൽകിയ അനുമതി റദ്ദ് ചെയ്യുന്നതിന് വകുപ്പ് തലവൻ സർക്കാരിനോട് ശിപാർശ ചെയ്യേണ്ടതാണ്.

(3) ഇക്കാര്യത്തിൽ വകുപ്പുമേധാവിയുടെ പ്രൊപ്പോസൽ ലഭിച്ചാൽ ഭരണ വകുപ്പ് മുഖ്യമന്ത്രിയുടെ അനുമതിയോടുകൂടി ടി ഉദ്യോഗാർത്ഥിയുടെ നിയമനത്തിന് നൽകിയ അനുമതി റദ്ദു ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അതിനുശേഷം നിയമാധികാരി ടി ഉദ്യോഗാർത്ഥിക്ക് നൽകിയ നിയമന ഉത്തരവ് റദ്ദ് ചെയ്യേണ്ടതുമാണ്.

(4) ജോലിയിൽ പ്രവേശിക്കാതെ ഒഴിഞ്ഞുമാറുന്നതിന് ഉദ്യോഗാർത്ഥിയോ മറ്റുള്ളവരോ സമർപ്പിക്കുന്ന യാതൊരു അപേക്ഷയും വകുപ്പുതലവനോ സർക്കാരിലെ ഭരണ വകുപ്പോ പരിഗണിക്കേണ്ടതില്ല.

(5) ഇപ്രകാരം നിയമനത്തിനുള്ള അനുമതി റദ്ദ് ചെയ്താൽ ടി നടപടി യാതൊരു കാരണവശാലും പുന:പരിശോധിക്കുന്നതല്ല. പുന:പരിശോധനക്ക് ലഭിക്കുന്ന അപേക്ഷകൾ ഉടനടി നിരസിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),**
**സത്യജീത്ത് രാജൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്:- എല്ലാ വകുപ്പുതലവന്മാർക്കും/ഓഫീസ് മേലധികാരികൾക്കും.

എല്ലാ ജില്ലാ കള്ക്ടർമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തുസഹിതം).

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം (ആമുഖ കത്തു സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം. (ആമുഖ കത്തു സഹിതം).

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്തു സഹിതം).

രജിസ്ട്രാർ, ഹൈക്കോടതി, കേരള, എറണാകുളം(ആമുഖ കത്തു സഹിതം).

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-എ ) വകുപ്പിന്. (04.04.2016 ലെ UO(R)5103/A1/16/P&ARD പ്രകാരം).

നിയമ(ഒപ്പിനിയൻ)വകുപ്പിന്(09.05.2016 ലെ UO(R)9178/ഒപ്പിനിയൻ ഇ 1/16/നിയമം പ്രകാരം)

പൊതു ഭരണ (സി ഇ സെൽ) വകുപ്പിന്. (28.06.2016 ലെ UO(R)651749/CEC1/16/GAD പ്രകാരം).

ധനകാര്യ (അഗ്രി വിംഗ് എ) വകുപ്പിന്( Agri-A2/113/2016-Fin പ്രകാരം)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്. (17.11.2016ലെ UO(R)8082/R3/16/P&ARD പ്രകാരം).

വിവര പൊതുജന സമ്പർക്ക(എ)വകുപ്പ് (u.o(R)25110/എ3/16/I&PRD)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ